**POLICE** **DEPARTMENT**

**KERALA**

**No. H2-26097/2022/QC**
City Police Office,
Kollam
cpklm.pol@kerala.gov.in
04742764422
Dated. 15-11-2022

## കാരണം കാണിക്കൽ നോട്ടീസ്

**വിഷയം:- അച്ചടക്ക നടപടി - ശ്രീ.ജിമ്മി സാമുവൽ, സിവിൽ പോലീസ് ഓഫീസർ 6907 (PEN 263983) കൊല്ലം സിറ്റി ഡി.എച്ച്.ക്യൂ, - അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്തത് സംബന്ധിച്ച വാച്യാന്വേഷണം - സർവ്വിസിൽനിന്നും നീക്കം ചെയ്യുന്നതിന് തീരുമാനിച്ച കാരണം കാണിക്കൽ നോട്ടീസ് നൽകുന്നത് സംബന്ധിച്ച്:-**

1. കൊല്ലം ജില്ലാ പോലീസ് മേധാവിയുടെ 08-06-2022 തീയതിലെ H2- 26097/2022QC നമ്പർ ഉത്തരവ്.

2. ഇൻസ്പെക്ടർ ഓഫ് പോലീസ്, ഡിസ്ട്രിക് പോലീസ് കമാണ്ട് സെന്റർ, കൊല്ലം സിറ്റി സമർപ്പിച്ച പി.ആർ. മിനിറ്റ്സ്.

3. H2/PR-17/2022 QC നമ്പർ ഫിസിക്കൽ ഫയൽ.

കൊല്ലം സിറ്റി ഡി.എച്ച്.ക്യൂ, സേനാംഗമായ ശ്രീ. ജിമ്മി സാമുവൽ, CPO 6907 (PEN 263983) ( ചുണ്ടയിൽ ചരുവിളവീട്, വാളകം പി.ഒ, കൊട്ടാരക്കര, കൊല്ലം ജില്ല) എന്ന താങ്കളുടെ അപേക്ഷയിൻമേൽ മെച്ചപ്പെട്ട ജോലിക്കായി 10-04-2007 തീയതിലെ സർക്കാർ ഉത്തരവ് നമ്പർ (ആർ.റ്റി) 982/2007 ആഭ്യന്തരം പ്രകാരം 19-4-07 മുതൽ അഞ്ചു വർഷത്തേക്ക് ശൂന്യവേതന അവധി അനുവദിക്കുകയും, തുടർന്ന് 18-04-2012 ലെ സർക്കാർ ഉത്തരവ് നമ്പർ (ആർ.റ്റി) 1189/2012 ആഭ്യന്തരം പ്രകാരം വീണ്ടും അഞ്ചു വർഷത്തേക്കുകൂടി അവധി അനുവദിച്ചത് 20-04-2017 -ൽ അവസാനിച്ചിരുന്നതുമാണ്. വീണ്ടും താങ്കളുടെ അപേക്ഷയെ തുടർന്ന് 20-04-2017 മുതൽ സംസ്ഥാന പോലിസ് മേധാവിയുടെ 22-05-2017 തീയതിലെ ഉത്തരവ് നമ്പർ L4-24973/2012/പി. എച്ച്.ക്യൂ പ്രകാരം വീണ്ടും അഞ്ചു വർഷത്തേക്ക് അവധി അനുവദിക്കുകയും അവധി കാലയളവ് അവസാനിക്കുന്ന മുറയ്ക്ക് തിരകെ 19-04-2022 തീയതി തന്നെ ജോലിയിൽ പ്രവേശിക്കേണ്ടതായിരുന്നു. എന്നാൽ ജോലിക്ക് ഹാജരാകാതിരുന്നതിനാൽ പലതവണ താങ്കളുടെ വസതിയിലെത്തി നോട്ടീസ് നൽകിയിട്ടും നാളിതുവരെ ജോലിയിൽ പ്രവേശിക്കാതിരിക്കുക വഴി ഗുരുതരമായ അച്ചടക്കലംഘനവും ഉത്തരവാദിത്വമില്ലായ്മയും ഔദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ചയും വരുത്തിയിട്ടുള്ളതാണെന്നും, ആയതിനാൽ ഉചിതമായ കർശന വകുപ്പതല അച്ചടക്കനടപടികൾ സ്വീകരിക്കണമെന്ന ശുപാർശയോടെ കൊല്ലം സിറ്റി DHQ ഡെപ്യൂട്ടി കമാണ്ടന്റ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതുമാണ്. ശൂന്യവേതന അവധി അവസാനിക്കുന്ന മുറയ്ക്ക ജോലിയിൽ പ്രവേശിക്കാതെ അനധികൃതമായി ജോലിയിൽനിന്നും വിട്ടുനിന്ന പ്രവർത്തി ഗുരുതരമായ അച്ചടക്ക ലംഘനവും ഉത്തരവാദിത്വമില്ലായ്മയും, ഔദ്യോഗിക കൃത്യനിർവഹണത്തിൽ വീഴ്ചയും സർക്കാർ ജീവനക്കാർക്കായി കാലാകാലങ്ങളായി നിഷ്കർഷിക്കപ്പെട്ട നിയമങ്ങൾക്കും നിബന്ധനകൾക്കും സർവ്വീസ് ചട്ടങ്ങൾക്കും വിരുദ്ധവും ആകയാൽ 1958 ലെ KPDIP & A ചട്ടം 8 (i), (iii) ചട്ടം 6 എന്നിവ പ്രകാരം ഒരു സമാഹൃത കുറ്റാരോപണ പത്രിക തയ്യാറാക്കി വിശദമായ വാച്യാന്വേഷണം നടത്തി രണ്ട് മാസത്തിനകം പി.ആർ മിനിറ്റ്സ് സമർപ്പിക്കാൻ പോലീസ് ഇൻസ്പെക്ടർ, ഡിസ്ട്രിക് പോലീസ് കമാണ്ട് സെന്റർ, കൊല്ലം സിറ്റിയെ ചുമതലപ്പെടുത്തി സൂചന (1) പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

അന്വേഷണോദ്യോഗസ്ഥൻ സൂചന (2) പ്രകാരം സമർപ്പിച്ച പി.ആർ മിനിട്സിൽ കുറ്റാരോപിതനെതിരെ ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ സംശയാതീതമായി തെളിയുന്നു എന്ന നിഗമനത്തിലാണ് എത്തിച്ചേർന്നിട്ടുള്ളത്. പ്രസ്തുത പി.ആർ മിനിട്സും മറ്റു അനുബന്ധരേഖകളും ഞാൻ സസൂക്ഷ്മം പരിശോധിക്കുകയും അന്വേഷണോദ്യോഗസ്ഥൻറെ നിഗമനങ്ങളോട് പൂർണ്ണമായും യോജിച്ചുകൊണ്ട്, കെ.എസ്.ആർ പാർട്ട് 1, റൂൾ 24 പ്രകാരം താങ്കളെ 20-4-2022 മുതൽ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാൻ സോപാധികമായി തീരുമാനിക്കുന്നു. എൻറെ ഈ സോപാധിക തീരുമാനം സ്ഥിരപ്പെടുത്താതിരിക്കുന്നതിന് മതിയായ കാരണങ്ങൾ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ രേഖാമൂലം ബോധിപ്പിക്കേണ്ടതാണ്. ടി കാലയളവിനുള്ളിൽ താങ്കളുടെ സമാധാനം ഒന്നും തന്നെ ലഭ്യമാകുന്നില്ലായെങ്കിൽ താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ എൻറെ സോപാധിക തീരുമാനം സ്ഥിരപ്പെടുത്തുന്നതായിരിക്കും.

Merin Joseph IPS
District Police Chief

H2-26097/2022/QC
e7f51f

To : ശ്രീ. ജിമ്മി സാമുവൽ CPO 6907 (PEN 263983) കൊല്ലം സിറ്റി ഡി.എച്ച്.ക്യൂ, ( ചുണ്ടയിൽ ചരുവിളവീട്, വാളകം പി.ഒ, കൊട്ടാരക്കര, കൊല്ലം ജില്ല)

Copy To : 1. രണ്ടു പകർപ്പ ഡി.സി, ഡി.എച്ച്.ക്യൂ. വിനു നല്കുന്നു. ഒരു പകർപ്പും പി.ആർ മിനിറ്റ്സും ശ്രീ. ജിമ്മി സാമുവൽ CPO 6907 (PEN 263983) നു നൽകി മറു പകർപ്പിൽ ടിയാൻറെ തീയ്യതി വച്ച കയ്യൊപ്പോട്ടുകൂടി തിരികെ നൽകേണ്ടതാണ്. 2. നടപടി ക്രമ ഫയൽ. 3. കൊല്ലം ജില്ലാ പബ്ലിക് ഇൻഫർമേഷൻ ഓഫീസ് കൊല്ലത്തിനു പ്രസിദ്ധീകരണത്തിന്, 4.എ.സി.പി., ഡി,സി. ആർ. ബി. കൊല്ലത്തിനു കൊല്ലം ജില്ലാ പോലീസ് കാര്യാലയത്തിന്റെ ഒദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരണത്തിന്,